# OUR OWN INDIAN SCHOOL DUBAI

FIRST SUMMATIVE ASSESSMENT , OCTOBER- 2012

MALAYALAM

Std : 10 Time : 3 Hours
Date :17-10-2012 Maximum : 90 Marks

---

## എ വിഭാഗം

(A) താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടേയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക ( 2× 5 =10)

I.

ഉത്തമമായ സാഹിത്യത്തെക്കുറിച്ചുള്ള ഇന്ത്യൻ സങ്കല്പം സുവിദിതമാണല്ലോ. സാഹിത്യകാരൻ ഒരു വിശ്വമനസിൻെറ ഉടമയാകണമെന്നത്രേ മൗലികമായ ആ സിദ്ധാന്തം. ലോകമേ തറവാടു തനിക്കീചെടികളും പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ എന്ന് കണ്ടെത്താനുള്ള ഹൃദയവിശാലത ഒരു വിശ്വമനസിൻെറ ഉടമക്ക് ഉണ്ടായിരിക്കണം. അത്തരത്തിലുള്ള ഒരു മനസ് ചിരന്തനമായ സാധനയിലൂടെ മാത്രമെ സ്വായത്തമാവുകയുള്ളൂ. ഈ ബ്രഹ്മാണ്ഡ കടാഹത്തെ മുഴുവൻ ഒരൊററ പക്ഷിക്കൂടായി കാണാൻ കഴിയുന്നവിധം പ്രപഞ്ചത്തോളം ഉയർന്നു വിഹരിക്കുന്ന വിശ്വമനസിനെ പ്രീണിപ്പിക്കുന്നതാകണം യഥാർത്ഥ സാഹിത്യസൃഷ്ടികൾ. സാഹിത്യത്തിൻെറ അഭൗമ മേഖലയിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നതിന് താരതമ്യസാഹിത്യപഠനം–വിശ്വസാഹിത്യപഠനം സഹായകമാകുന്നു എന്നാണ് മഹാകവി ടാഗോറിൻെറ മതം ഭാരതഖണ്ഡത്തിലെ പൂർവ്വരാമൃഷീന്ദ്രൻമാർ ഉത്തമമായ സാഹിത്യത്തിന് നൽകിയ വ്യാഖ്യാനം തന്നെയാണ് മഹാകവിയുടെ അഭിപ്രായത്തിന് അവലംബം. ജർമ്മൻ ചിന്തകനായ ഗൊയ്ഥേയെ സ്വാധീനിച്ചതും ഈ ആർഷഭാരത ദർശനമാണ്.

1. സാഹിത്യസൃഷ്ടികളുടെ പ്രത്യേകത എന്ത്? (2)
2. സാഹിത്യത്തെപ്പററിയുള്ള ഇന്ത്യൻ സങ്കല്പമെന്താണ്? (2)
3. എന്താണ് ഗൊയ്ഥേയെ സ്വാധീനിച്ചത്? (2)
4. വിശ്വസാഹിത്യ പഠനത്തെ സംബന്ധിച്ച് ടാഗോറിൻെറ മതമെന്ത്? (2)
5. ഈ ഖണ്ഡികക്ക് ഉചിതമായ ഒരു ശീർഷകം നൽകുക (2)

## ബി വിഭാഗം

6 നിങ്ങളുടെ പ്രദേശത്തെ വാഹന ഗതാഗത പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗതാഗത മന്ത്രിക്ക് ഒരു കത്തു തയ്യാറാക്കുക 7

7. ആശയം വിപുലീകരിച്ച് ഒരു ഖണ്ഡിക എഴുതുക: 7
നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം

8. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 7

1. ജനപ്പെരുപ്പവും മനുഷ്യ രാശിയുടെ ഭാവിയും
2 വിദ്യാഭ്യാസ പരിഷ്കരണത്തിൽ വായനയുടെ പ്രസക്തി
3 കേരളത്തിലെ കാർഷികരംഗം നേരിടുന്ന പ്രശ്നങ്ങൾ?

## സി വിഭാഗം

9. വാക്യത്തിലെ തെററുതിരുത്തുക: 2
1). പ്രകൃതിക്ക് മനുഷ്യനോടും മനുഷ്യനു തിരിച്ചോ ഉള്ള സ്നേഹമാണ് നമ്മുടെ നിലനിൽപ്പിന് ആധാരമായ അടിസ്ഥാനം

10. അർഥവ്യത്യാസം വരാതെ നിഷേധവാക്യമാക്കുക
കശ്യപൻ ശകുന്തളയെ കൊട്ടാരത്തിലേക്കയച്ചു 2

11. പ്രയോഗം മാററുക 2
1. കോടാനുകോടി ഗോളങ്ങളെ ദൈവം താങ്ങിനിർത്തിയിരിക്കുന്നു.
2. സമൂഹദ്രോഹിയെ ജനം ശിക്ഷിച്ചു

12. സന്ധി നിർണ്ണയിക്കുക 2
1. ഗുണോദാരം
2. ജരാനര

13 സമാസം നിർണ്ണയിക്കുക 2
1. സജലം
2. തുല്യാവകാശം

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 5 X 1

14 ആദേശസന്ധിക്ക് ഉദാഹരണമേത്

(a) തിരുവോണം

(b) അത്യാവശ്യം

(c) എത്തിപ്പിടിക്കാൻ

(d) ഋഗ്വേദം

15 വേപം എന്നവാക്കിൻെറ അർഥമെന്ത്?

(a). അക്ഷരം

(b) വലുത്

(c). വിദ്യ

(d) വിറയൽ

16 പുരോഗതി എന്ന വാക്കിൻെറ വിപരീതപദമെന്ത്?

(a). അപുരോഗതി

(b). ഉന്നമനം

(c). അധോഗതി

(d) അചഞ്ചലം

17 ഇള എന്ന വാക്കിൻെറ സമാന പദമല്ലാത്ത വാക്കേത്?

(a). ധര

(b). ക്ഷതി

(c). ധരിത്രി

(d) ഭൂമി

18 ഗ്രാമദ്രോഹി എന്ന പദം വിഗ്രഹിക്കുക

(a). ഗ്രാമത്തെദ്രോഹിക്കുന്നവൻ

(b). ഗ്രാമത്തിലെദ്രോഹി

(c). ഗ്രാമമാകുന്നദ്രോഹി

(d) ഗ്രാമീണനായദ്രോഹി

## ഡി വിഭാഗം

19 ഉത്തരമെഴുതുക 8 X 3

(a) ശകുന്തളയുടെ വേർപാടിൽ ദുഖിക്കുന്ന ആശ്രമത്തിൻെറ അവസ്ഥ കവി ചിത്രീകരിക്കുന്നതെങ്ങനെ?

(b) അന്തർദ്ദുഷഷന്തവീര്യത്തെ
യേന്തുന്നു നിൻെറ പുത്രിയാൾ
ഹന്ത! ഭുമിക്കു ഭുതിക്കായ്
ചെന്തീയെ ശ്ശമിയെന്നപോൽ-

സന്ദർഭം, ആശയം അലങ്കാരം, ഇവ വ്യക്തമാക്കുക

.

(c) 'സൂര്യകാന്തി' എന്ന കവിതയുടെ വെളിച്ചത്തിൽ കവി ജി ശങ്കരക്കുറുപ്പിൻെറ സ്നേഹ സങ്കല്പം പരിശോധിക്കുക

(d) മകനെ പ്രതീക്ഷിച്ചിരുന്ന വൃദ്ധപിതാവിൻെറ ആശങ്ക എന്തായിരുന്നു. അദ്ദേഹത്തോട് ദശരഥൻ പറഞ്ഞതെന്ത്?

(e) 'അന്ന വിചാരം മുന്നവിചാരം' എന്ന ചൊല്ലിൻെറ അർഥവ്യാപ്തി പരിശോധിക്കുക

(f) കൃഷിയെ പ്രോത്സാഹിപ്പിക്കുവാനും നിലനിർത്താനുമായി പണ്ട് ഉണ്ടായിരുന്ന നിയമങ്ങളെയും ശിക്ഷാവിധികളെയും പററി ഒരു കുറിപ്പ് തയ്യാറാക്കുക

(g) ബഷീറിൻെറ പ്രകൃതി ബോധത്തിൽ കടന്നു വരുന്ന മതപരമായ അംശമെന്ത്?

(h) എനിക്കീ പ്രപഞ്ചത്തെയാകെ ആലിംഗനംചെയ്യാൻ തോന്നുന്നു- ബഷീർ ഉദ്ദേശിക്കുന്നതെന്ത്? ഇതിന് അദ്ദേഹത്തിൻെറ ഭാര്യ നൽകുന്ന വ്യാഖ്യാനമെന്ത്?

20. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

(a) ജി.ശങ്കരക്കുറുപ്പിന് ജ്ഞാനപീഠം നേടിക്കൊടുത്ത കൃതിയേത് 1

(രമണൻ, ഓടക്കുഴൽ, കാലം )

(b) 'സൂര്യകാന്തി' തൻെറ പ്രണയം മറച്ചുവക്കുവാൻ കാരണം എന്തായിരിക്കാം? 1
(നാണം, ആശങ്ക, ദുഖം)

(c) ശകുന്തളക്ക് ആഭരണങ്ങൾ നൽകിയതാര്? 1
(വനദേവതമാർ , അമ്മ , സഖിമാർ)

(d) ബഷീറിൻേറതല്ലാത്ത കൃതിയേത്? 1
(ജൻമദിനം, പാത്തുമ്മയുടെ ആട്, ഒരുദേശത്തിൻെറ കഥ)

(e) കൃഷിയിടം തരിശായിടുന്നതിനുള്ള പിഴ 1
(പരിഹാരം , അപഹീനം , കടം )

(f) ശകുന്തളയുടെ സഹോദരി ആര്? 1
(വനജ്യോത്സ്ന, അനസൂയ , പ്രിയംവദ )

(g ) ബ്രഹ്മ ഹത്യാ പാപമുണ്ടാകാത്തത് ആർക്ക്? 1
(മുനി ബാലന്, ദശരഥന്, രാമന് )

(h ) കർമമത്രേ മമ വന്നതിതു-എന്നു പറഞ്ഞതാര്? 1
(മുനികുമാരൻ,ദശരഥൻ, പിതാവ് )

21. ഏതെങ്കിലും **രണ്ടു** വിഷയങ്ങളെക്കുറിച്ച് ലഘു ഉപന്യാസം രചിക്കുക 2 X 6

(a) അപ്പു കപ്പലപകടത്തിൽ നിന്നു രക്ഷപ്പെട്ടതെങ്ങനെ?

(b) അപ്പു മുത്താമയെക്കുറിച്ചു കേട്ടതെന്തെല്ലാം?

(c) അത്ഭുത ദ്വീപിൽ അപ്പു കണ്ട കാഴ്ചകൾ എന്തെല്ലാം?

BLUE PRINT     MALAYALAM GRADE 10

First Summative Examination October 2012

| section | Type of question | knowledge | understa | Appli | evalu | total |
|---|---|---|---|---|---|---|
| A | Comprehension | | 5x2=10 | | | 10 |
| B | Paragraph<br>Letter<br>Essay | | | 1x7=7<br>1x7=7<br>1x7=7 | | 21 |
| C | Transformation of sentences<br>Correction of sentences<br>Vocabulary building M.C.Q | | 2x2=4 | | 3x2=6<br>5x1=5 | 15 |
| D | Textbook based short answer questions | | | | | |
| | From prose | 3x3=9 | 1x3=3 | | | 12 |
| | From poem | 2x3=6 | 1x3=3 | 1x3=3 | | 12 |
| | MCQ from prose and poetry | 2x1=2 | 2x1=2 | 4x1=4 | | 8 |
| | Non detailed book | | | | | |
| | Short essays | | | 2x6=12 | | 12 |
| | | | | | | Total-90 |